"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/ മറുപടി**

നമ്പർ:E4-31091/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം -695 033.
തീയതി: 31.08.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീമതി. ബിന്ദു.എസ്
അപ്പാർട്ട്മെന്റ് II ഇ
സൗപർണ്ണിക,
ഷൃദ്ധി ടവേഴ്സ്,
മുക്കോല, മണ്ണന്തല
പിൻ-- 695 043

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ 07.08.2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചോദ്യക്രമനമ്പർ ക്രമത്തിൽ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ 01.04.2015 മുതൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി. മുഖേനയും ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരിൽ നിന്ന് ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേനയും ആശ്രിത നിയമനം മുഖേനയും നികത്തപ്പെട്ടിട്ടുണ്ട്. പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും നിയമന ശുപാർശ ലഭിച്ചതുമായ രണ്ട് ഒഴിവുകൾ നികത്തുവാനുണ്ട്. 2017, 2018 വർഷങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.
2. 01.04.2015 ന് ശേഷം തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർ വകുപ്പ്/ അന്തർജില്ല സ്ഥലംമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ ആർക്കും നിയമനം അനുവദിച്ചിട്ടില്ല.
3. അന്തർ വകുപ്പ്/ അന്തർജില്ല സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമാണ് നിയമനം അനുവദിക്കുന്നത്.
4. 01.04.2015 മുതൽ ആശ്രിത നിയമന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ രണ്ട് പേർക്ക് നിയമനം അനുവദിച്ചിട്ടുണ്ട്. ആശ്രിത നിയമന പദ്ധതിയ്ക്കായി മാറ്റി വച്ചിട്ടുള്ള അനുപാതത്തിനുള്ളിൽ സർക്കാർ വ്യവസ്ഥകൾ പാലിച്ചാണ് ആശ്രിത നിയമനം അനുവദിക്കുന്നത്.
5. താങ്കൾ പരാമർശിക്കുന്ന WP(C) No. 5960/2016(S) -ൻ മേൽ 25.02.2016 ൽ പുറപ്പെടുവിച്ചതായി പറയുന്ന ബഹു. ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവ് പരിശോധിച്ചതിൽ കേസിൽ ഈ വകുപ്പ് കക്ഷിയല്ല. ആയതിനാൽ മറുപടി നൽകുവാൻ നിർവാഹമില്ല എന്നറിയിക്കുന്നു.
6. ലാസ്റ്റ ഗ്രേഡ് ജീവനക്കാരിൽ നിന്ന് 01.04.2015 ന് ശേഷം തിരുവനന്തപുരം ജില്ലയിൽ രണ്ട് പേർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം അനുവദിച്ചിട്ടുണ്ട്.

PL

7. 2017 ജൂലൈ 1 മുതൽ ഡിസംബർ 31 വരെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ആരും തന്നെ റിട്ടയർ ചെയ്യുന്നതായി നിലവിലുള്ള രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്തപക്ഷം 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്.

പ്രീത. എസ്. നായർ,
അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം - 695 033

വിശ്വസ്തതയോടെ,

എസ്.എൽ. ശ്യാംശങ്കർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്

PL